ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ശീതസമരം എന്ന വാക്കു കുഴിഞ്ഞു പത്തുപന്ത്രണ്ടു കൊല്ലക്കാലമായി ലോകത്തിൽഅതുകൊ ഉപയോഗിച്ചുവരുന്നതാണു്. അതിനൊരർത്ഥം ജനങ്ങളും മനസിലാക്കാവുണ്ടു്. അതിൽ കൃത്രിമമായ അർത്ഥമൊന്നും ഞാൻ കല്പിച്ചിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ: ഈ ശീതസമരത്തിന്റെ സ്വഭാവ വിശേഷങ്ങളും എന്തൊക്കെയാണു് ഞാൻ ചോദിക്കുന്നതു് ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി നീണ്ട ഒരു പ്രസംഗം വേണമെങ്കിൽ ഞാൻ വേറൊരവസരത്തിൽ ചെയ്യാം.

റബ്ബർ, തേയില, ഏലം കൃഷി

*1526. [15] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രാജ്യത്തു് ആകെ എത്ര ഏക്കർ സ്ഥലത്തു് റബ്ബർ, തേയില, ഏലം എന്നിവകൃ തോട്ടവ്യവസായാടിസ്ഥാനത്തിൽ കൃഷിചെയ്തിട്ടുണ്ടു്;

(ബി) ഈ തോട്ടവ്യവസായരംഗത്തു് ആകെ എത്ര തൊഴിലാളികളുണ്ടു് ?

(സി) ഈ വ്യവസായത്തിലെ ഒരു തൊഴിലാളിയുടെ പ്രതിവർഷ വരുമാനം എത്രയാണു്;

(ഡി) ഈ വ്യവസായരംഗത്തു നിന്നും എത്ര ദേശീയ വരുമാനം ഉണ്ടു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്): ഇതിന്റെ വിവരങ്ങൾ മുഴുവൻ ശേഖരിക്കുവാൻ സാധിച്ചിട്ടില്ല. കിട്ടിയ വിവരം വച്ചു് പറയുകയാണു്.

(എ) 216453 ഏക്കർ.

(ബി) 125692.

(സി, ഡി) വിവരങ്ങൾ ലഭ്യമല്ല.

ശ്രീ. കെ. ടി. തോമസ്: ഏക്കർ പറഞ്ഞതു് ഏതിന്റെ ആണു് ?

ശ്രീ. ടി. വി. തോമസ്: ആകെ മൂന്നിനേയും ചേർന്നതാണു്.

പെൻഷൻകാരുടെ അലവൻസ്.

*1527. [16] ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാർക്കു കിട്ടിവരുന്ന അലവൻസിൽ ഈ ഗവണ്മെന്റു് വല്ല കുറവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) മലബാറിൽമാത്രമായി ഈ കുറവുകൊണ്ടു് എത്രരൂപ അധികം കിട്ടും ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി, സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly